മുല്ലപ്പെരിയാർ അണക്കെട്ടിൽ ചോർച്ച ഉണ്ടാകാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ

36 [1917] ശ്രീ. തമ്പാനൂർ രവി:

„ ടി. എൻ. പ്രതാപൻ:

„ ലൂഡി ലൂയിസ്:

„ എം. മുരളി:

„ ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ ആദ്യമായി ചോർച്ച കണ്ടെത്തിയതെന്നാണ്;

(ബി) അന്നുമുതൽ ഇന്നുവരെ പ്രസ്തുത അണക്കെട്ടിൽ എത്ര പ്രാവശ്യം ചോർച്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഈ ചോർച്ച പരിഹരിക്കുന്നത് സംബന്ധിച്ച് എത്ര റിപ്പോർട്ടുകൾ ഗവൺമെന്റ് കൈപ്പറ്റിയിട്ടുണ്ട്;

(ഡി) പ്രസ്തുത റിപ്പോർട്ടുകളിലെ ശുപാർശ പ്രകാരം എന്തെല്ലാം പണികൾ നടത്തി എന്നറിയിക്കാമോ;

(ഇ) ഇപ്പോൾ ചോർച്ച കണ്ടത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(എഫ്) മുല്ലപ്പെരിയാർ അണക്കെട്ടിൽ ചോർച്ച ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം പണികൾ നടത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡാമിന്റെ ആദ്യ ഫില്ലിംഗിൽ തന്നെ സെറ്റിംഗും ചെറിയ തോതിൽ ചോർച്ചയും കണ്ടിരുന്നു. ഡാമിൽ ചോർച്ച ഉണ്ടാകുന്നതായും കെട്ടിനകത്തെ ചുണ്ണാമ്പ് നഷ്ടപ്പെടുന്നതായും 1930-ൽ കണ്ടെത്തി.

(ബി) നിരവധി പ്രാവശ്യം ചോർച്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

(സി) കേന്ദ്ര ജലവിഭവ കമ്മീഷൻ ചെയർമാൻ ശ്രീ. കെ. സി. തോമസ് 25-11-1979-ൽ തിരുവനന്തപുരത്ത് നടന്ന മീറ്റിംഗിൽ ഡാം ശക്തിപ്പെടുത്തുവാൻ ഹ്രസ്വകാല ദീർഘകാല നടപടികൾക്ക് രൂപം നൽകി. ഗവൺമെന്റ് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ പ്രഥമ റിപ്പോർട്ട് 10-6-1996-ലും രണ്ടാമത്തെ റിപ്പോർട്ട് 28-8-1996-ലും മൂന്നാമത്തെ റിപ്പോർട്ട് 15-3-1997-ലും ഗവൺമെന്റിന് സമർപ്പിച്ചു. ശ്രീ. ടി. കെ. ശശി (ചീഫ് എൻജിനീയർ) കൺവീനറായ ടെക്നിക്കൽ കമ്മിറ്റി 29-12-1999-ൽ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു. ഇതുകൂടാതെ ശ്രീ. ടി. കെ. ശശി (ചീഫ് എഞ്ചിനീയർ), ഡാം സന്ദർശിച്ച് 26-6-2004-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ സബ്ജക്ട് കമ്മിറ്റിയിലേയും, പെറ്റീഷൻ കമ്മിറ്റിയിലേയും അംഗങ്ങൾ വിവിധ കാലഘട്ടങ്ങളിൽ ഡാം സന്ദർശിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1930-1932-ൽ ഗ്രൗട്ടിംഗും 1935-ൽ മുൻഭാഗത്ത് ഗുണൈറ്റിംഗും നടത്തി. 1964-ൽ ഇരു സംസ്ഥാനങ്ങളിലെയും എഞ്ചിനീയർമാർ കൂട്ടായി ഡാം പരിശോധന നടത്തി, കൂടിയ ജലവിതാനം 155 അടിയിൽ നിന്നും 152 അടിയായി കുറച്ചു. 1978-ൽ രണ്ടു സംസ്ഥാനങ്ങളിലെയും കേന്ദ്ര ജലവിഭവ കമ്മീഷന്റെയും ഉദ്യോഗസ്ഥൻമാർ വീണ്ടും പരിശോധന നടത്തി പൂർണ്ണ ജലവിതാനം +145 അടിയാക്കി. 25-11-1979-ൽ നടത്തിയ പരിശോധനയിൽ +136 അടിയാക്കി ജലവിതാനം കുറച്ചു. 23-11-1979-ൽ കേന്ദ്ര ജലവിഭവ കമ്മീഷൻ ചെയർമാനും ഇരു സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരും ഡാം സന്ദർശിച്ചശേഷം അടിയന്തിര നടപടികൾക്ക് രൂപം നൽകുകയും ഈ പണികളെല്ലാം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പണികളിൽ അടിയന്തിര നടപടിയായി ഡാമിന് ആർ.സി.സി. ക്യാപീങ്ങ് നടത്തി. ജലവിതാനം നിയന്ത്രിക്കാൻ അധികമായി 3 സ്പിൽവേകൾ നിർമ്മിച്ചു. ഹ്രസ്വകാല നടപടിയായി ഡാമിൽ രൂപം കൊള്ളുന്ന ടെൻഷൻ കുറയ്ക്കാൻ ഹൈടെൻഷൻ കേബിൾ ഉപയോഗിച്ച് ഡാം സെക്ഷനിൽ ആങ്കറിംഗ് നടത്തി. ദീർഘകാല നടപടിയുടെ ഭാഗമായി ഡാമിന്റെ പിൻഭാഗം കോൺക്രീറ്റ് ചെയ്തു. ഈ കോൺക്രീറ്റിന്റെ അകവശത്തായി +10 അടി, +45 അടി എന്നീ എലിവേഷൻ ലെവലുകളിൽ 2 ഡ്രെയിനേജ് ഗ്യാലറികൾ നിർമ്മിച്ച് ഭാവിയിൽ ഗ്രൗട്ടിംഗ് നടത്താൻവേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. കൂടാതെ വിവിധ കമ്മിറ്റികൾ റിപ്പോർട്ട് ചെയ്ത ചോർച്ചകൾ 'ഇപ്പോക്സി' വച്ച് അടച്ച് തടഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം റീമിംഗ് നടത്തി ചോർച്ച മാറ്റിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കാലാകാലങ്ങളിൽ അടഞ്ഞിരിക്കുന്ന ഡ്രെയിൻ ഹോളുകൾ 'റീം' ചെയ്യുക, സിമന്റ് വന്ന് അടഞ്ഞിരിക്കുന്ന 'ഡ്രെയിൻ ഹോളുകൾ' 'റീഡ്രിൽ' ചെയ്യുക, അടഞ്ഞിരിക്കുന്ന 'സീപ്പേജ്' ഹോളുകൾ വൃത്തിയാക്കുക, സീപ്പേജ് പരിധിയിലധികമാണെങ്കിൽ 'ഗുണൈറ്റിംഗ്' നടത്തുക എന്നിവയാണ് നടത്തേണ്ട പണികൾ. കൂടാതെ ഡാമിൽ ചോർച്ച ഉണ്ടാകാതിരിക്കാൻ ഡാമിലെ ജലനിരപ്പ് +136 അടിയിൽ നിന്നും ഉയർത്തുവാൻ അനുവദിക്കരുത് എന്ന് സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

അരുവിക്കര ഡാമിന്റെ ശോചനീയാവസ്ഥ

37 [1820] ശ്രീ. കെ. എ. ചന്ദ്രൻ:

" എൻ. ശക്തൻ:

" ജോർജ് ജെ. മാത്യു:

" സി. പി. മുഹമ്മദ്:

" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയുടെ ശുദ്ധജല സ്രോതസ്സായ അരുവിക്കര ഡാമിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly